പദ്ധതി	1998-99 (രൂപ)	99- 2000 (രൂപ)
1. മത്സ്യത്തൊഴിലാളികൾക്കുള്ള ജനതാ അപകട ഇൻഷ്വറൻസ് പദ്ധതി	16,99,526	17,80,000
2 മത്സ്യ ബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി		71,00,080 (മൂന്നുവർഷത്തേയ്ക്ക് (2001-2002 വരെ)
3 ജീവനക്കാർക്കുള്ള മെഡി. ക്ലെയിം പദ്ധതി	4,83,603	5,76,472

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) മത്സ്യ ബോർഡിൽ ഇൻഷ്വറൻസ് സംബന്ധിച്ച ക്രമക്കേടുകൾ ഒന്നും നടന്നിട്ടില്ല.

(ജി) എല്ലാവർഷവും ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ ഏറ്റവും കൂടുതൽ ഇൻഷ്വറൻസ് ആനുകൂല്യം വാഗ്ദാനം ചെയ്യുന്നവർക്കാണ് കരാർ നല്കുന്നത്. 1999-2000-ൽ അഖിലേന്ത്യാ തലത്തിൽ കാണിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറഞ്ഞ തുകയ്ക്കാണ് പ്രീമിയം നല്കിയിട്ടുള്ളത്. പ്രീമിയം തുക മത്സ്യത്തൊഴിലാളികളിൽനിന്നും പിരിച്ചെടുക്കുകയാണു ചെയ്യുന്നത്.

കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ട്

21 (2896) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത് എന്നാണ് ;

(ബി) പ്രസ്തുത ഹാർബറിന്റെ എസ്റ്റിമേറ്റ് കോസ്റ്റ് എത്രയാണ് ;

(സി) പ്രോജക്ടിന്റെ മോഡൽ സ്റ്റഡി നടത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഇത് പൂർത്തീകരിക്കുവാൻ കഴിയും എന്നറിയിക്കുമോ ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ള ഫിഷിംഗ് ഹാർബറുകളുടെ മുൻഗണനാ ലിസ്റ്റിൽ എത്രാമത്തേതാണ് പ്രസ്തുത പ്രോജക്ട് എന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത പണി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 26-2-1996 ൽ

(ബി) 1303 ലക്ഷം രൂപ

(സി) ഇല്ല

(ഡി) മാതൃകാപഠനം പ്രാരംഭഘട്ടത്തിലാണ്.

(ഇ) അഞ്ചാമത്തേത്.

(എഫ്) മോഡൽ സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പുതുക്കിയ രൂപരേഖ പരിശോധിച്ച് അനുമതി നൽകിയശേഷമേ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാവൂ.

മത്സ്യാവശ്യകതയും ലഭ്യതയും

22 (2897) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യാവശ്യകതയും ലഭ്യതയും തമ്മിലുള്ള അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇവിടെ മത്സ്യമെത്തിക്കുന്നുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ മത്സ്യ ഉപഭോഗത്തിനനുസരണമായി മത്സ്യ ഉത്പാദനം നടത്തുവാനുതകുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യാവശ്യകതയും ലഭ്യതയും തമ്മിലുള്ള അനുപാതം 5:4 എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) ഉണ്ട്. സംസ്ഥാനത്ത് ഉപഭോഗത്തിന് വിറ്റഴിക്കപ്പെടുന്ന മത്സ്യത്തിന്റെ ഏകദേശം 10% മത്സ്യം അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നതായി കണക്കാക്കിയിരിക്കുന്നു.

(സി) സംസ്ഥാനത്തെ മത്സ്യ ഉപഭോഗത്തിനനുസൃതമായി മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ, മത്സ്യ കർഷകവികസന ഏജൻസി/ഓരുജല മത്സ്യ-ചെമ്മീൻ കർഷകവികസന ഏജൻസി മുഖേനയുള്ള മത്സ്യകൃഷി, ജനകീയ മത്സ്യകൃഷി, സാമൂഹ്യ മത്സ്യകൃഷി, ജലസംഭരണികളിലെ മത്സ്യകൃഷി, മത്സ്യ/ചെമ്മീൻ കുഞ്ഞുൽപ്പാദനകേന്ദ്രങ്ങളും നഴ്സറികളും സ്ഥാപിക്കുക, സംയോജിത മത്സ്യ കൃഷി, എറണാകുളം ജില്ലയിലെ പൊക്കാളി നിലങ്ങളിൽ സംയോജിത ചെമ്മീൻകൃഷി, ശുദ്ധജല ചെമ്മീൻകൃഷി, നാടൻ

LIBRARY ARCHIVES Kerala Legislative Assembly